## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1609 | 22.03.2013 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടികളുടെ പ്രവർത്തനം** | |
| **ചോദ്യം** | **ഉത്തരം** |
| ഡോ. എൻ. ജയരാജ്<br>ശ്രീ. പി. സി. ജോർജ്<br>,, റോഷി അഗസ്റ്റിൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| (എ)അംഗൻവാടികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) അംഗൻവാടികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ 25 അംഗൻവാടികൾക്ക് ഒരു സൂപ്പർവൈസറും ഐ.സി.-ഡി.എസ് പ്രോജക്ട് തലത്തിൽ ശിശുവികസന പദ്ധതി ഓഫീസർമാരും ജില്ലാതലത്തിൽ പ്രോഗ്രാം ഓഫീസർമാരും കൂടാതെ സംസ്ഥാനതല ഉദ്യോഗസ്ഥരും ഉണ്ട്.<br>അംഗൻവാടിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് വളരെ പ്രധാനപ്പെട്ട ഒരു രേഖയാണ് പ്രതിമാസ പുരോഗതി റിപ്പോർട്ട് . ഓരോ മാസവും അംഗൻവാടിയിൽ നടക്കുന്ന പ്രവർത്തന-ങ്ങളെ സംബന്ധിച്ച പുരോഗതി റിപ്പോർട്ട് നിശ്ചിത പ്രൊഫോർമയിൽ തയ്യാറാക്കി സെക്ടർ തല മീറ്റിംഗിന് സൂപ്പർവൈസർക്ക് നൽകുകയും സൂപ്പർ-വൈസർ ആയത് ക്രോഡീകരിച്ച് ശിശുവികസന പദ്ധതി ഓഫീസർക്ക് നൽകുകയും ചെയ്യുന്നു. ശിശുവികസന പദ്ധതി ഓഫീസർ അടുത്ത മാസം ഒന്നാമത്തെ പ്രവൃത്തി ദിവസം ജില്ലാതല പ്രോഗ്രാം ഓഫീസർമാർ മുഖേന സാമൂഹ്യനീതി ഡയറക്ടർക്ക് റിപ്പോർട്ട് നൽകുന്നു. കൂടാതെ സെക്ടർ തലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പ്രതിമാസ അവലോകനം നടത്തി പദ്ധതി നടത്തിപ്പ് കാര്യക്ഷമ-മാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഐ.സി.ഡി.എസ് പദ്ധതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് അംഗൻവാടി തലത്തിൽ വെൽഫെയർകമ്മിറ്റിയും പഞ്ചായത്ത്/ ബ്ലോക്ക്/ |

| | |
|---|---|
| | മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ/ ജില്ലാ/ സംസ്ഥാനതലങ്ങളിൽ കോ-ഓർഡിനേഷൻ കമ്മിറ്റികളും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. |
| (ബി) ഐ.സി.ഡി.എസ്. പദ്ധതികളിലെ കാലോചിതമാറ്റങ്ങൾ ഉൾക്കൊണ്ടിട്ടുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കുന്ന വിധത്തിൽ അംഗൻവാടികളെ സജ്ജമാക്കുന്നതിനു നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) ഐ.സി.ഡി.എസ്. പദ്ധതി സംസ്ഥാനത്ത് 2013-14 സാമ്പത്തിക വർഷത്തിൽ ഭാഗികമായും 2014-15 സാമ്പത്തിക വർഷത്തിൽ പൂർണ്ണമായും മിഷൻ രീതിയിൽ പുനഃസംഘടിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) ഈ ലക്ഷ്യം മുൻനിർത്തി 2013-14 സാമ്പത്തികവർഷം അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനു പര്യാപ്തമായ തുക നീക്കിവെയ്ക്കുമോ? | (സി) അംഗൻവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കേണ്ട ചുമതല ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. എന്നാൽ ഐ.സി.ഡി.എസ്. പദ്ധതി മിഷൻ രീതിയിലാക്കുന്നതോടുകൂടി വാടകരഹിത കെട്ടിടങ്ങളിലും സർക്കാർ വക കെട്ടിടങ്ങളിലും പ്രവർത്തിക്കുന്ന അംഗൻവാടികളുടെ അറ്റകുറ്റപ്പണികൾക്കായി 2000/- രൂപ വീതം പ്രതിവർഷം 75:25 അനുപാതത്തിൽ കേന്ദ്രസംസ്ഥാന സർക്കാരുകൾ അനുവദിക്കുന്നതിന് വ്യവസ്ഥയുണ്ട്. കൂടാതെ കുറഞ്ഞത് 600 sq.feet വിസ്തൃതിയുള്ളതും കുടിവെള്ളം, ടോയ്‌ലറ്റ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുള്ള വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതുമായ അംഗൻവാടികളുടെ പ്രതിമാസവാടക റൂറൽ/ട്രൈബൽ മേഖലകളിൽ 200/- രൂപയിൽ നിന്നും 750/- രൂപ ആയും നഗര പ്രദേശങ്ങളിൽ 750/- ൽ നിന്നും 3000/- രൂപ ആയും വർദ്ധിപ്പിക്കുന്നതിനും നിർദ്ദേശമുണ്ട്. |

R. Vijayan

സെക്ഷൻ ഓഫീസർ